"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.രാജീവ് കുമാർ, തൃക്കാർത്തിക, ചാരുപാറ, തിരുവനന്തപുരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.526/2026/ID തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-

1. തിരുവനന്തപുരം ജിയോളജിസ്റ്റിന്റെ 07-10-2025 തീയതിയിലെ 203/2025-26/DOTHI-DMG/1169/2025-M നമ്പർ നടപടിക്രമം
2. ശ്രീ.രാജീവ് കുമാർ, തൃക്കാർത്തിക, ചാരുപാറ, തിരുവനന്തപുരം 18/10/2025 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 18.04.2026 തീയതിയിലെ ഡിഎംജി/1266/2025-എം4 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ശ്രീ.രാജീവ് കുമാർ, തൃക്കാർത്തിക, ചാരുപാറ, തിരുവനന്തപുരം-695572 സമർപ്പിച്ച അപ്പീൽ ഹർജി കണ്ടാലും. കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം. 8 റീസർവ്വേ നം. 608/13-2 ൽ പെട്ടതും ഹർജിക്കാരൻ്റെ ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽ നിന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കണമെന്ന വ്യവസ്ഥ ലംഘിച്ചിട്ടുള്ള സാഹചര്യത്തിൽ ചട്ടം 14(5) പ്രകാരം നീക്കം ചെയ്തു മണ്ണിന്റെ അളവായ 750 മെട്രിക് ടണ്ണിന്റെ റോയൽറ്റിയുടെ അഞ്ചിരട്ടി (750x20x5) തുകയായ 75,000/- രൂപ ഒടുക്കി കുറ്റം രാജിയാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകുന്നതിനായി ഉത്തരവായിക്കൊണ്ട് തിരുവനന്തപുരം ജിയോളജിസ്റ്റ് 07/10/2025 തീയതിയിൽ പരാമർശം (1) പ്രകാരം നൽകിയ നടപടിക്രമത്തിനെതിരെ ശ്രീ.രാജീവ് കുമാർ സർക്കാരിൽ പരാമർശം (2) പ്രകാരം അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് 07/04/2026 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിക്കു വേണ്ടി ടിയാന്റെ ഭാര്യയും, ജില്ല ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

3. അപ്പീൽ ഹർജിയിൽ കക്ഷി ചുവടെ ചേർക്കും പ്രകാരം ബോധിപ്പിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ബാങ്ക് ലോൺ ലഭിക്കുന്ന താമസം നേരിട്ട സാഹചര്യത്തിലാണ് തനിക്ക് കെട്ടിട നിർമ്മാണത്തിനുള്ള ബേസ്മെന്റ് പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ സാക്ഷ്യപത്രം സമർപ്പിക്കാൻ കഴിയാതെ വന്നതെന്നും

മനഃപൂർവമായ വീഴ്ചയല്ല തന്റെ ഭാഗത്തുനിന്നും ഉണ്ടായതെന്നും മണ്ണ് നീക്കം ചെയ്യുന്നതിന് ഒടുക്കേണ്ടതായ 12000/- രൂപ ഒടുക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ മണ്ണിന്റെ റോയൽറ്റിയുടെ 5 ഇരട്ടി തുകയായ 75000/- രൂപ ഈടാക്കുന്നതിനുള്ള തീരുമാനം ഒഴിവാക്കി ഉത്തരവാകണമെന്നും അപേക്ഷിച്ചിരുന്നു.

4. അപ്പീൽ ഹർജിയിൽമേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കെട്ടിട നിർമ്മാണത്തിൻറെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്ത് സമയബന്ധിതമായി അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തതിന് ചട്ടം 14(5) പ്രകാരമുള്ള കുടിശ്ശിക ഈടാക്കുന്നതിന് 7.10.2025 തീയതിയിൽ വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും നൽകിയ അഡ്ജുഡിക്കേഷൻ ഉത്തരവിനെതിരെയാണ് ശ്രീ.രാജീവ് കുമാർ, തൃക്കാർത്തിക, ചാരുപാറ പി.ഒ, എന്ന വ്യക്തി സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം. 8 റീസർവ്വേ നം. 608/13-2 ൽ പെട്ട സ്ഥലത്ത് കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് / ഡവലപ്മെൻറെ പെർമിറ്റ് പ്രകാരം കെട്ടിട നിർമ്മാണത്തിൻറെ ഭാഗമായി 750 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ.രാജീവ് കുമാർ എന്ന വ്യക്തിക്ക് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും 15.03.2022 തീയതിയിൽ അനുമതി ഉത്തരവ് നൽകിയിരുന്നു . 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കി കെട്ടിട നിർമ്മാണം നടത്തുന്നതിലേയ്ക്ക് സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിൻറെ അടിത്തറ നിർമ്മാണം പൂർത്തിയാക്കി ജില്ലാ ഓഫീസിനെ രേഖാമൂലം അറിയിച്ച് കൊള്ളാമെന്നും അല്ലാത്ത സാഹചര്യത്തിൽ മണ്ണ് നീക്കം ചെയ്ത പ്രവർത്തി അനധികൃതമായി കണക്കാക്കി റോയൽറ്റിയുടെ 5 മടങ്ങ് തുക ഒടുക്കുവാൻ ബാധ്യസ്ഥനാണെന്നും നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സ്ഥല ഉടമ ജില്ല ആഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്രകാരം അടിത്തറ നിർമ്മാണം പൂർത്തിയാക്കിയതായ യാതൊരു രേഖയും സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28.04.2025 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളത് (അനുബന്ധം-2). പ്രസ്തുത നോട്ടീസിന് അപ്പീൽ കക്ഷി പ്രതികരിച്ചിട്ടില്ലാത്തതിനാൽ 26.08.2025 പ്രസ്തുത നോട്ടീസിന് തീയതിയിൽ അപ്പീൽ കക്ഷിയെ നേരിൽ കേൾക്കുന്നതിന് ഹിയറിംഗ് നോട്ടീസ് നൽകുകയുണ്ടായി തുടർന്ന് 10.09.2025 തീയതിയിൽ നടത്തിയ നേർകാഴ്ച്ചയിൽ സ്ഥലഉടമ സമർപ്പിച്ച മറുപടി 14(5) ചട്ടപ്രകാരമുള്ള തുടർ നടപടികളിൽ നിന്നും ഒഴിവാക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ അനുമതി ഉത്തരവ് പ്രകാരം നീക്കം ചെയ്യുവാൻ അനുവദിച്ച 750 മെട്രിക് ടൺ സാധാരണ മണ്ണിൻറെ 5 മടങ്ങ് റോയൽറ്റി ഈടാക്കുന്നതിലേക്ക് 7.10.2025 തീയതിയിൽ അഡ്ജുഡിക്കേഷൻ ഉത്തരവ് അപ്പീൽ കക്ഷിക്ക് നൽകിയിട്ടുള്ളതാണ് . ടി ഉത്തരവിനെതിരെയാണ് അപ്പീൽ കക്ഷി സർക്കാരിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

കെട്ടിട നിർമ്മാണത്തിൻറെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മാണം പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കണമെന്ന വ്യവസ്ഥ ലംഘിച്ചിട്ടുള്ള സാഹചര്യത്തിൽ കാട്ടാക്കട താലൂക്കിൽ

കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം 8 റീസർവേ നം 608/13-2 ൽ പെട സ്ഥലത്ത് നിന്നും അനുമതി ഉത്തരവ് പ്രകാരം നീക്കം ചെയ്ത 750 മെട്രിക് ടൺ സാധാരണ മണ്ണിൻ്റെ റോയൽറ്റിയുടെ 5 മടങ്ങ് (ടണ്ണിന് 20/- രൂപ നിരക്കിൽ) 750 മെട്രിക് ടൺ X 20 X 5 തുകയായ 75,000/-രൂപ കക്ഷിയിൽ നിന്നും ഈടാക്കുന്നതിന് ഉത്തരവ് നൽകി അപ്പീൽ അപേക്ഷ നിരസിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ജില്ല ജിയോളജിസ്റ്റ് ശുപാർശ്ശ ചെയ്തിട്ടുള്ളതാണ്.മേൽ സാഹചര്യത്തിൽ അപ്പീൽ കക്ഷിയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

5. അപ്പീൽ അധികാരി അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം. 8 റീസർവ്വേ നം. 608/13-2 ൽ പെട്ടതും ഹർജിക്കാരൻ്റെ ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽ നിന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കണമെന്ന വ്യവസ്ഥ ലംഘിച്ചിട്ടുള്ള സാഹചര്യത്തിൽ പെനാൽറ്റി ഒടുക്കുവാൻ അപ്പീൽ കക്ഷി ബാദ്ധ്യസ്ഥനാണ്.അതിനാൽ കെ.എം.എം.സി ചട്ടം 14(5) പ്രകാരം, നീക്കം ചെയ്ത മണ്ണിന്റെ അളവായ 750 മെട്രിക് ടണ്ണിന്റെ റോയൽറ്റിയുടെ അഞ്ചിരട്ടി (750x20x5) തുകയായ 75,000/- രൂപ ഒടുക്കി കുറ്റം രാജിയാക്കുന്നതിന് ഉത്തരവായിക്കൊണ്ട് തിരുവനന്തപുരം ജിയോളജിസ്റ്റ് 07/10/2025 തീയതിയിൽ നൽകിയ നടപടിക്രമം നിലനിറുത്തി കൊണ്ടും അതിൻ പ്രകാരം അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കിയും ശ്രീ.രാജീവ് കുമാർ, തൃക്കാർത്തിക, ചാരുപാറ, തിരുവനന്തപുരം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.രാജീവ് കമാർ, തൃക്കാർത്തിക, ചാരുപാറ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്,തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 11-05-2026 13:51:51